Dated : 30/05/ 2020

# നിരോധിത പുകയില ഉൽപ്പന്നങ്ങൾ പോലീസ് പിടികൂടി

കൊല്ലം : കൊട്ടിയം പോലീസ് സ്റ്റേഷൻ പരിധിയിൽ ആദിച്ചനല്ലൂർ തഴുത്തല വിളവിൽ പുത്തൻ വീട്ടിൽ ഷാജഹാനെ (55) നിരോധിത പുകയില ഉൽപ്പന്നങ്ങളുമായി പിടികൂടി. കൊട്ടിയം ജംഗ്ഷനിൽ ഷാജഹാൻ നടത്തുന്ന ബ്രോയിലർ ഫാമിനുള്ളിൽ കുഴിക്കുള്ളിൽ ഒളിപ്പിച്ച നിലയിൽ കാണപ്പെട്ട വിൽപ്പനക്കായി സൂക്ഷിച്ചിരുന്ന 30 പാക്കറ്റ് പുകയില ഉൽപ്പന്നങ്ങളാണ് പോലീസ് പിടിച്ചെടുത്തത്. മുമ്പും സമാനമായ കേസുകളിൽ പ്രതിയാണ് ഇയാൾ. കൊട്ടിയം പോലീസ് ഇൻസ്പെക്ടർ ദിലീഷ്, സി.പി.ഒ സെയ്ഫുദീൻ, സ്പെഷ്യൽ ബ്രാഞ്ച് സബ് ഇൻസ്പെക്ടർ സുരേഷ് ബാബു എന്നിവരടങ്ങിയ സംഘമാണ് പുകയില ഉൽപ്പന്നങ്ങൾ പിടി കൂടിയത്.